സി.പി(2)555/2019

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 05.06.2019
E-mail:Keralarcs@gmail.com
Website: www.cooperation.kerala.gov.in

**സർക്കുലർ നമ്പർ 22/2019**

വിഷയം-സഹകരണ വകുപ്പ്- മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ള കാലയളവിൽ തിരിച്ചടവ് വരേണ്ടിയിരുന്ന കുടിശ്ശിക വായ്പ, പലിശ എന്നിവയിലെ കരുതൽ തുക ഒഴിവാക്കുന്നത്-സംബന്ധിച്ച്

സൂചന-(1) വിവിധ സഹകരണ സ്ഥാപനങ്ങളുടെ അപേക്ഷകൾ
(2) സഹകരണ ആഡിറ്റ് ഡയറക്ടറുടെ 15/05/2019 തീയതിയിലെ എ.ഡി(3)1735/2019 നമ്പർ കത്ത്
(3) സഹകരണ സംഘം രജിസ്ട്രാറുടെ 40/2007 നമ്പർ സർക്കുലർ

സംസ്ഥാനത്തെ മഴക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി 51/2018, 15/19 എന്നീ സർക്കുലർ നിർദ്ദേശ പ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക/കാർഷികേതര വായ്പയ്ക്കുൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും സഹകരണ ബാങ്കുകൾക്ക് കുടിശ്ശിക വായ്പകൾ നിയമാനുസൃതം തിരികെ ഈടാക്കാൻ സാധിക്കാതെ വരുകയും വായ്പാ കുടിശ്ശിക വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ കുടിശ്ശിക വായ്പ മുതലിന്മേലും , കുടിശ്ശിക പലിശയിൻ മേലും കരുതൽ വയ്ക്കുന്നതിൽ നിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കണമെന്ന് സൂചന (1) പ്രകാരം അപേക്ഷകൾ ലഭിച്ചിരിക്കുന്നു.

സൂചന(3) പ്രകാരമുള്ള സഹകരണ സംഘം രജിസ്ട്രാറുടെ 40/2007 സർക്കുലർ നിർദ്ദേശ പ്രകാരം സഹകരണ ബാങ്ക്/സംഘങ്ങളിലെ കുടിശ്ശിക പലിശയ്ക്ക് 100 ശതമാനവും കരുതൽ വയ്ക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മൊറട്ടോറിയം പ്രഖ്യാപിച്ച സാഹചര്യത്തിൽ വായ്പാ കുടിശ്ശിക പലിശയിൻ മേൽ പൂർണ്ണമായും കരുതൽ വയ്ക്കുന്നത് സംഘങ്ങൾക്ക് വലിയ നഷ്ടം ഉണ്ടാകുന്നതിന് കാരണമാകുന്നതിനാൽ മൊറട്ടോറിയം കാലയളവിൽ തിരിച്ചടവ് വരേണ്ടിയിരുന്ന പലിശ തുക 2018-19 വർഷത്തെ മൊത്തം കുടിശ്ശിക പലിശ തുകയിൽ നിന്നും

ഒഴിവാക്കി നൽകുന്നത് ഉചിതമായിരിക്കുമെന്ന് സൂചന (2) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

മേൽ പരാമർശിച്ച അപേക്ഷ പരിഗണിച്ച് സംസ്ഥാനത്തെ മഴക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി 51/2018, 15/2019 എന്നീ സർക്കുലർ നിർദ്ദേശങ്ങൾ പ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക/കാർഷികേതര വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും സഹകരണ ബാങ്കുകൾക്ക് കുടിശ്ശിക വായ്പകൾ നിയമാനുസൃതം തിരികെ ഈടാക്കാൻ സാധിക്കാതെ വരുകയും വായ്പാ കുടിശ്ശിക വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ കുടിശ്ശിക വായ്പ മുതലിന്മേലും കുടിശ്ശിക പലിശയിൻ മേലും കരുതൽ വയ്ക്കുന്നതിൽ നിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കണമെന്ന സംഘങ്ങളുടെ അപേക്ഷ പരിഗണിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 40/2007 സർക്കുലർ നിർദ്ദേശ പ്രകാരം സഹകരണ ബാങ്ക്/സംഘങ്ങളിലെ കുടിശ്ശിക പലിശയ്ക്ക് 100 ശതമാനവും കരുതൽ വയ്ക്കേണ്ടതാണ് എന്ന സർക്കുലർ വ്യവസ്ഥയിൽ ഇളവ് നൽകി പുതിയ ഒരു സർക്കുലർ പുറപ്പെടുവിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിനാലും സംസ്ഥാനത്തെ മഴക്കെടുതി കാരണം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും സംഭവിച്ച നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായും ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

- സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും മൊറട്ടോറിയം കാലയളവിൽ തിരിച്ചടവ് വരേണ്ടിയിരുന്ന പലിശ തുക 2018-19 വർഷത്തെ മൊത്തം കുടിശ്ശിക പലിശ തുകയിൽ നിന്നും ഒഴിവാക്കുന്നതിനും 2018-19 വർഷത്തെ കുടിശ്ശിക മുതലിനത്തിൽ കരുതൽ വയ്ക്കുമ്പോൾ കർഷകർ എടുത്തിട്ടുള്ള കാർഷിക/കാർഷികേതര വായ്പകളിൽ കരുതൽ വയ്ക്കുന്നത് 2017-18 വർഷത്തെ കരുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ 2017-18 സാമ്പത്തിക വർഷത്തെ കുടിശ്ശിക മുതലിനുള്ള കരുതൽ നിലനിർത്തി 2018-19 വർഷത്തെ ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.
- സഹകരണ സംഘം/ബാങ്ക് ചീഫ് എക്സിക്യൂട്ടീവുമാർ വ്യക്തമായ വായ്പാ ബാക്കി നിൽപ്പ് സ്റ്റേറ്റ്മെൻറുകൾ ഇപ്രകാരം തയ്യാറാക്കി ആഡിറ്റർമാർക്ക് നൽകേണ്ടതും ആയത് ആഡിറ്റർമാർ വിശദമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.
- മോറട്ടോറിയം കാലയളവിൽ തിരിച്ചടവ് വരേണ്ടിയിരുന്ന പലിശ, മുതൽ എന്നിവയ്ക്ക് കരുതൽ വയ്ക്കുന്നത് കൊണ്ട് മാത്രം സംഘങ്ങൾ/ബാങ്കുകൾ നഷ്ടത്തിലാകുന്നു എന്ന് ബോധ്യപ്പെടുന്ന പക്ഷം ടി തുക കരുതൽ വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

- മേൽ നിർദ്ദേശങ്ങൾ സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി കൊണ്ടു വരേണ്ടതും 2018-19 ആഡിറ്റ് വർഷത്തേയ്ക്ക് മാത്രമായി നടപ്പാക്കേണ്ടതുമാണ്.

ഒപ്പ്
എസ്.ഷാനവാസ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1.ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,തിരുവനന്തപുരം
2.മാനേജിംഗ് ഡയറക്ടർ, KSCB, KSCARDB
3. എല്ലാ ജോയിൻറ് രജിസ്ട്രാർമാർക്കും (ജനറൽ)
4. എല്ലാ ജോയിൻറ് ഡയറക്ടർമാക്കും(ആഡിറ്റ്)
5. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റൻറ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക് [ജോയിൻറ് രജിസ്ട്രാർ(ജനറൽ)/ ജോയിൻറ് ഡയറക്ടർ(ആഡിറ്റ്) മുഖേന]
6. അഡ്മിനിസ്ട്രേറ്റർമാർ/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
7. ജോയിൻറ് ഡയറക്ടർ/കൺകറൻറ് ആഡിറ്റർ(എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും/ സംസ്ഥാന സഹകരണ ബാങ്ക്/സംസ്ഥാന സഹകരണകാർഷിക ഗ്രാമ വികസന ബാങ്ക്)
8. ചെയർമാൻ/സെക്രട്ടറി, എല്ലാ സർക്കിൾ സഹകരണ യൂണിയനുകൾക്കും[ജോയിൻറ് രജിസ്ട്രാർ(ജനറൽ)മുഖേന]
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
10. അസിസ്റ്റൻറ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ(ജോയിൻറ് രജിസ്ട്രാർ(ജനറൽ)മുഖേന)
11. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും [ജോയിൻറ് രജിസ്ട്രാർ (ജനറൽ) മുഖേന]
12. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
13. എഡിറ്റർ,സഹകരണ വീഥി
14. എഡിറ്റർ, സഹകരണ ജേർണൽ
15.വെബ് സൈറ്റ്
16.സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

Ramnt'j. lal

അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി) സെക്ഷൻ